(ഡി) അതിലേക്കുള്ള പ്രമോഷൻ നടപടികൾ ഏതുവരെയായി ?

ഉത്തരം

(എ) എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിച്ച അദ്ധ്യാപകരെ ഡിപ്പാർട്ടുമെന്റൽ പ്രമോഷൻ കമ്മിറ്റിയുടെ ശുപാർശയുടെയും ഒഴിവുകളുടെയും അടിസ്ഥാനത്തിൽ എച്ച്.എസ്.എസ്.ടി. മാരായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. എച്ച്.എസ്.എസ്.ടി. ജൂനിയർ മാരുടെ അഭാവത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിലെ നിശ്ചിത യോഗ്യത യുള്ള അദ്ധ്യാപകരേയും പരിഗണിക്കാവുന്നതാണ്.

(ബി) നിലവിൽ ജൂനിയർ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനത്തി നുവേണ്ടി നീക്കിവച്ചിട്ടുള്ള എല്ലാ ഒഴിവുകളിലേയ്ക്കും നിയമനം നൽകി കഴിഞ്ഞു. യോഗ്യരായ ഹൈസ്കൂൾ അദ്ധ്യാപകരെ സീനിയോറിറ്റിയുടെയും ഒഴിവുകളുടെ ലഭ്യതയുടേയും അടിസ്ഥാനത്തിൽ ഹയർ സെക്കന്ററി അധ്യാപ കരായി നിയമിക്കാൻ കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

(സി&ഡി) ഇപ്പോൾ ഒഴിവുകൾ ഇല്ല. നിലവിലുണ്ടായിരുന്ന 48 ഒഴിവു കൾ ഹയർ സെക്കന്ററി ഡയറക്ടറുടെ 29-6-2010-ലെ ഉത്തരവിലൂടെ ജൂനിയർ അദ്ധ്യാപകരുടെ തസ്തികമാറ്റംവഴി നികത്തിക്കഴിഞ്ഞു.

തളിപ്പറമ്പ് സർ സയ്യിദ് ഹൈസ്കൂളിന് പ്ലസ് ടൂ അനുവദിക്കണമെന്ന കോടതിവിധി

75 (5210) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ മുസ്ലീം എഡ്യൂക്കേഷൻ അസോസിയേഷന്റെ കീഴിലുള്ള തളിപ്പറമ്പ് സർ സയ്യിദ് ഹൈസ്കൂൾ എന്നനുവദിച്ചുവെന്നും അനുവദിച്ച പ്രത്യേക സാഹചര്യം എന്തെന്നും വിശദമാക്കുമോ ; ഇവിടെ പ്ലസ് ടൂ അനുവദിക്കണമെന്നതു സംബന്ധിച്ച് കോടതിവിധിയുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കോടതി വിധിയുണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരി ച്ചുവെന്നും എന്നത്തേക്ക് കോഴ്സ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുമെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത സ്കൂളിൽ ഇപ്പോൾ എത്ര അദ്ധ്യാപകർ ജോലി ചെയ്യു ന്നുണ്ടെന്നും എത്രപേർക്ക് ശമ്പളം നൽകുന്നുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രീ-ഡിഗ്രി വേർപെടുത്തിയപ്പോൾ കോളേജിൽ കുറവുവന്ന തസ്തികയ്ക്കനുസരണമായി അതേ മാനേജ്മെന്റിന്റെ കീഴിലെ സ്കൂളിന് അധിക തസ്തിക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ടായിരത്തി നാലാമാണ്ട് ജൂലൈ മാസം 24-ാം തീയതിയിലെ സ.ഉ.(സാധാ) നമ്പർ 3160/2004/പൊ.വി. പ്രകാരം പ്രത്യേകാനുമതി നൽകിയാണ് തളിപ്പറമ്പ് സർ സയ്യിദ് ഹൈസ്കൂൾ അനുവദിച്ചത്; ഉണ്ട്; പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 2009-10 അദ്ധ്യയനവർഷത്തെ തസ്തിക നിർണ്ണയപ്രകാരം 16 അദ്ധ്യാപകരും 4 അനദ്ധ്യാപകരും ജോലി ചെയ്യുന്നുണ്ട്. ഇതിൽ പ്രൊട്ടക്ടഡ് അദ്ധ്യാപികയ്ക്കുമാത്രമേ ശമ്പളം ലഭിക്കുന്നുള്ളൂ.

(ഡി) പ്രീ-ഡിഗ്രി വേർപെടുത്തപ്പെട്ട കോളേജുകളുടെ മാനേജ്മെന്റുകൾക്ക് കീഴിലുള്ള ഹൈസ്കൂളുകളിൽ ഹയർ സെക്കന്ററി കോഴ്സനുവദിച്ചപ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ആവശ്യമായ എണ്ണം തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ കൗൺസിൽ

76 (5220) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിലവിൽ വന്നത് എന്നാണ് ;

(ബി) പ്രസ്തുത കൗൺസിൽ നിലവിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ പ്രകടമായ എന്തെല്ലാം മാറ്റങ്ങൾക്കാണ് വഴിതുറന്നത് ;

(സി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രസ്തുത കൗൺസിൽ ഏറ്റെടുത്ത് നടപ്പാക്കിവരുന്ന പരിപാടികൾ എന്തെല്ലാമാണ് ;

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ മാറ്റത്തിന് നാന്ദി കുറിക്കാൻ ഉതകുന്ന ഏതെങ്കിലും നൂതന പദ്ധതികൾ കൗൺസിൽ വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 2007 മാർച്ച് 16-ന്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly